# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5454** **28.07.2015 ൽ മറുപടിയ്ക്ക്**

## റബ്ബർ സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) 2014-15 സാമ്പത്തിക വർഷത്തിൽ റബ്ബർ സംഭരണത്തിനായി ചെലവഴിച്ച ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ ; | (എ) 2014-15 സാമ്പത്തിക വർഷത്തിൽ റബ്ബർ സംഭരണത്തിനായി കൃഷി വകുപ്പിന്റെ മാർക്കറ്റ് ഇന്റർവെൻഷൻ ഫോർ പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതി പ്രകാരം 12 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. |
| (ബി) ഏതൊക്കെ ഏജൻസികൾക്കാണ് റബ്ബർ സംഭരണത്തിന് ഫണ്ട് അനുവദിച്ചത് ; | (ബി) റബ്ബർ സംഭരണത്തിനായി ഫണ്ട് അനുവദിച്ചത് സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിനും റബ്ബർ മാർക്കിനുമാണ്. |
| (സി) സംഭരണം കൊണ്ട് റബ്ബർ കർഷകർക്ക് എന്തൊക്കെ പ്രയോജനം ഉണ്ടായെന്ന് വ്യക്തമാക്കാമോ ; | (സി) സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന നിന്ന സാഹചര്യത്തിൽ റബ്ബർ കർഷകരെ സഹായിക്കുന്നതിനാണ് സർക്കാർ ഉത്തരവ് (എം.എസ്) നം.56/2014/കൃഷി, തീയതി 25.02.2014 പ്രകാരം റബ്ബർ സംഭരണം ആരംഭിച്ചത്. തുടക്കത്തിൽ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 2/- രൂപ കൂടുതൽ നൽകിക്കൊണ്ട് RSS-4 ഗ്രേഡിലുള്ള റബ്ബറാണ് കർഷകരിൽ നിന്നും സംഭരിച്ചത്. തുടർന്ന് 13.10.2014 ലെ സർക്കാർ ഉത്തരവ് നം.232/2014/കൃഷി പ്രകാരം RSS-5 ഗ്രേഡിലുള്ള റബ്ബറും കർഷകരിൽ നിന്നും സംഭരിച്ചിട്ടുണ്ട്. തുടർന്ന് 06.11.2014 ലെ സ.ഉ. (എം.എസ്) നം.254/2014/കൃഷി ഉത്തരവ് പ്രകാരം സംഭരണം നടത്തിയിട്ടുള്ള RSS-4, RSS-5 ഗ്രേഡിലുള്ള റബ്ബറിന്റെ വിലയായി, റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയേക്കാൾ കിലോയ്ക്ക് 5 രൂപ വീതം കൂടുതലായി കർഷകർക്ക് ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | റബ്ബർ കർഷകർക്കായി ഇനി എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നും അതിനായി എത്ര തുക അനുവദിച്ചു എന്നും വ്യക്തമാക്കാമോ ? | (ഡി) | റബ്ബർ കർഷകരെ സഹായിക്കുന്നതിന് 2015-16 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 300 കോടി രൂപയുടെ "റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്" പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് (സ.ഉ(പി) നം.269/2015/ഫിൻ തീയതി 03.07.2015) പുറപ്പെടുവിച്ചിട്ടുണ്ട്.<br>ടി പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർബോർഡ്, കിലോയ്ക്ക് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ